മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

2024 ഫെബ്രുവരി 15

---

## കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം; വകുപ്പുകളുടെ ഏകോപനം ഊർജ്ജിതമാക്കണമെന്ന് പ്രഫ. ഇരുദയ രാജൻ

കുടിയേറ്റത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ വകുപ്പുകളെ കാര്യക്ഷമമായി ഏകോപിക്കുന്നതിനുള്ള സംവിധാനം വേണമെന്ന് ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആന്റ് ഡവലപ്മെന്റ് ചെയർമാൻ പ്രഫ. ഇരുദയ രാജൻ അഭിപ്രായപ്പെട്ടു. സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആൻഡ് ഇൻക്ലൂസിവ് ഗവേണൻസിന്റെ ശിൽപ്പശാലാ റിപ്പോർട്ട് പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.

സെന്റർ ഫോർ മൈഗ്രേഷനും സെർബ് പ്രോജക്ടും ചേർന്ന് കുടിയേറ്റ തൊഴിലാളികൾ, സാമൂഹ്യ പ്രവർത്തകർ, ട്രേഡ് യൂണിയനുകളുടെയും സന്നദ്ധ സംഘടനകളുടെയും പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളുടെ മേധാവികൾ എന്നിവരുമായി ചർച്ച നടത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ചടങ്ങിൽ സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, മൈഗ്രേഷൻ സെന്റർ ചെയർ പേഴ്സൺ ഡോ. എം.വി. ബിജുലാൽ, സെർബ് പ്രോജക്ട് അസോസിയേറ്റ് നവാസ് എം. ഖാദർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കുടിയേറ്റ തൊഴിലാളികളുടെ ജിവിത സാഹചര്യം, തൊഴിൽ, ആരോഗ്യ-സുരക്ഷാ ആവശ്യങ്ങൾ എന്നിവ സംബന്ധിച്ച് കോട്ടയം ജില്ലയിൽ സമഗ്ര പഠനം നടത്തണമെന്ന് റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ സർക്കാരും പൊതു സമൂഹത്തിനും സർവകലാശാലകൾ പോലെയുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങൾക്കും സഹകരിച്ച് പ്രവർത്തിക്കാവുന്നതാണ്. തൊഴിൽ വകുപ്പിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും ബോധവത്കരണ പ്രവർത്തനങ്ങളും വിപുലീകരിക്കുന്നതിനുള്ള സാധ്യത ആരായണമെന്നും നിർദേശമുണ്ട്.

(പി.ആർ.ഒ/39/154/2024)

## റസിഡൻറ് ട്യൂട്ടർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വനിതാ ഹോസ്റ്റലുകളിൽ റസിഡൻറ് ട്യൂട്ടർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.പ്രതിമാസ വേതനം 15000 രൂപ.
അംഗീകൃത സർവകലാശാല ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള സ്ത്രീകളെയാണ് പരിഗണിക്കുന്നത്. ഹോസ്റ്റലിൽ താമസിക്കാൻ സന്നദ്ധരായിരിക്കണം. ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ഫെബ്രുവരി 24നകം അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in). ഫോൺ: 0481-2733240

(പി.ആർ.ഒ/39/155/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മാർച്ച് അഞ്ചിന് ആരംഭിക്കന്ന ഒന്നാം സെമസ്റ്റർ ബിപിഎഡ്(2023 അഡ്മിഷൻ റഗുലർ, 2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 മുതൽ 2019 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 20 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
ഫെബ്രുവരി 21ന് ഫൈനോടു കൂടിയും ഫെബ്രുവരി 22ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
.........................

മാർച്ച് അഞ്ചിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എംഎഡ്(2023 അഡ്മിഷൻ റഗുലർ, 2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി 20 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.
ഫെബ്രുവരി 21ന് ഫൈനോടു കൂടിയും ഫെബ്രുവരി 22ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/156/2024)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എസ്.സി സുവോളജി(സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021,2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 19 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/157/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽഎൽബി(ഓണേഴ്സ് - 2022 അഡ്മിഷൻ റഗുലർ, 2018,2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽഎൽബി(ഓണേഴ്സ് - 2015-2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് 2018 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനിലും 2018 അഡ്മിഷന് മുൻപുള്ളവർ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഫെബ്രുവരി 29.
................................

രണ്ടാം സെമസ്റ്റർ സിബിസിഎസ്എസ്(2015,2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മാർച്ച് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 29 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/158/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**